**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 66** **29-08-2022 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന് വേണ്ടി പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കാൻ സാധിക്കാത്തതുമൂലം പൊതുജനങ്ങൾക്ക് ഗതാഗത പ്രശ്നങ്ങളുണ്ടാകുന്നുവെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഗൗരവത്തോടെ കാണുന്നുണ്ട്. റോഡുകളുടെ ഉടമസ്ഥാവകാശം നിക്ഷിപ്തമായിരിക്കുന്ന PWD, KRFB, NHAI തുടങ്ങിയ ഏജൻസികൾ അംഗീകരിച്ച് തരുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ടി ഏജൻസിക്കു അടയ്ക്കുന്ന മുറയ്ക്കാണ് പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിരുന്നത്. കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലികളുമായി ബന്ധപ്പെട്ട പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ തുക അതത് വകുപ്പുകളിൽ ഒടുക്കുകയാണ് ചെയ്തു വന്നിരുന്നത്. അറ്റകുറ്റ പണികൾ സമയബന്ധിതമായി തീർക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് ഡിപ്പാർട്ടുമെന്റുകൾക്കും ആയിരുന്നു. എന്നിരുന്നാലും പുതുതായി കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതു വഴി തകരാറിലാകുന്ന റോഡുകളുടെ അറ്റകുറ്റ പണികൾ കാൽനടയാത്രക്കാർക്കും വാഹന ഗതാഗതത്തിനും ബുദ്ധിമുട്ടില്ലാത്ത രീതിയിൽ കേരള വാട്ടർ അതോറിറ്റി താൽക്കാലികമായി പുനരുദ്ധാരണം നടത്തി വരുന്നുണ്ട്.<br><br>24.2.2022 ലെ GO(MS)No.8/2022/PWD പ്രകാരം പൊതുമരാമത്ത് റോഡുകളിൽ പൈപ്പിട്ടശേഷം റോഡ് പുന:സ്ഥാപിക്കുന്ന ചുമതല വാട്ടർ അതോറിറ്റിക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേല്പടി ഉത്തരവ് പ്രകാരം, പൈപ്പ് ലൈൻ പ്രവൃത്തികളുടെ കരാർ തുകയിൽ റോഡുകളുടെ അറ്റകുറ്റ പണിക്കുള്ള തുക കൂടെ ഉൾപ്പെടുത്തിയാണ് കരാർ നൽകി വരുന്നത്. |
| (ബി) | കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിനായി പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണിയ്ക്കുള്ള തുക | (ബി) | 24.2.2022ലെ GO(MS)No.8/2022/PWD നമ്പർ പ്രകാരം |

| | | | |
|---|---|---|---|
| | കരാറുകാരുമായി ഉണ്ടാക്കുന്ന കരാറിൽ തന്നെ വ്യവസ്ഥ ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | | പൊതുമരാമത്ത് റോഡുകളിൽ പൈപ്പിട്ട ശേഷം റോഡ് പുന:സ്ഥാപിക്കുന്ന ചുമതല വാട്ടർ അതോറിറ്റിക്ക് നൽകി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം കരാർ തുകയിൽ റോഡുകളുടെ അറ്റകുറ്റപണിക്കുള്ള തുക കൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഇപ്പോൾ കരാർ നൽകുന്നത്. |
| (സി) | എങ്കിൽ പ്രസ്തുത കരാർവ്യവസ്ഥ ലംഘിക്കുന്നില്ല എന്ന് ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (സി) | 24.2.2022 ലെ GO(MS)No.8/2022/PWD ഉത്തരവിന് ശേഷം റോഡ് പുനരുദ്ധാരണം ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയാണ് പ്രവൃത്തി കരാർ ചെയ്യുന്നത്. ബന്ധപ്പെട്ട കരാറുകാരന്റെ മേൽനോട്ട പരിപാലന കാലാവധി നിശ്ചയിക്കുകയും ആ കാലഘട്ടത്തിൽ ഏതെങ്കിലും കരാർ ലംഘനം ഉണ്ടെങ്കിൽ ആയത് കരാറുകാരന്റെ Risk & Cost ൽ ഉൾപെടുത്തിയോ കരാറുകാരനെക്കൊണ്ട് തന്നെ ടി പ്രവൃത്തികൾ ചെയ്യിക്കുന്നതിനോ കരാറിൽ വ്യവസ്ഥയുണ്ട്. ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം കരാറുകാരനെതിരെ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നു. സർക്കാർ ഉത്തരവ് പ്രകാരം പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട പൊതുമരാമത്തു വകുപ്പ് ഉദ്യോഗസ്ഥരുടെ നിരീക്ഷണത്തിലാണ് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തുവരുന്നത്. |
| (ഡി) | ഇത്തരത്തിൽ കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിനായി പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിനായി പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റ പണി സമയബന്ധിതമായി പൂർത്തീകരിക്കു-ന്നതിന് ജില്ലാ തലത്തിൽ വിവിധ വകുപ്പുകളുടെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിലും ബന്ധപ്പെട്ട ഡിവിഷനു-കളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലും അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അസിസ്റ്റൻറ് എഞ്ചിനീയർമാർ എന്നിങ്ങനെ വിവിധ തലത്തിൽ അവലോകന യോഗങ്ങൾ, ബന്ധപ്പെട്ട വകുപ്പുകളുമായുള്ള ചർച്ചകൾ, കരാറുകാർക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകൽ, ആവശ്യമെങ്കിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കൽ, എന്നീ നടപടികൾ റോഡുകളുടെ അറ്റകുറ്റ പണികൾ സമയബന്ധിതമായി തീർക്കുന്നതിന് വേണ്ടി സ്വീകരിച്ചു വരുന്നു. റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി ഇരു വകുപ്പുകളിലേയും ചീഫ് എൻജിനീയർമാരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി മാസത്തിൽ ഒരു പ്രാവശ്യം കൂടി അറ്റകുറ്റപണികൾ |

| | | | |
|---|---|---|---|
| | | | സമയബന്ധിത-മായി പൂർത്തീകരിക്കാനുള്ള നടപടികൾ അവലോകനം ചെയ്തുവരുന്നു.<br><br>നിലവിൽ കേന്ദ്ര കാര്യാലയത്തിൽ പരാതി പരിഹരിക്കുന്നതിനായി ഓൺ ലൈൻ പരാതി പരിഹാര സംവിധാനവും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ